LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ശമ്പളക്കമ്മീഷൻ ശിപാർശ ചെയ്ത ശമ്പള സ്കെയിലുകളുടെ മിനിമം പുനർ നിർണ്ണയിച്ചു. മാസ്റ്റർ സ്കെയിലിന്റെ മിനിമം ശിപാർശ ചെയ്ത 17000-ൽ നിന്ന് 16500 ആയി കുറവു ചെയ്തു. എന്നാൽ ഇൻക്രിമെന്റ് നിരക്കിലും പരിഷ്കരിച്ച മാസ്റ്റർ സ്കെയിലിന്റെ പരമാവധിയിലും വ്യത്യാസം വരുത്തിയിട്ടില്ല. പത്താം ശമ്പളക്കമ്മീഷൻ ശിപാർശ ചെയ്ത ശമ്പളസ്കെയിൽ വർദ്ധനവ് 22360-37940 വരെയുള്ള പ്രീ-റിവൈസ്ഡ് സ്കെയിലുകളിൽ പരമാവധി ഒരു തലമാക്കി നിജപ്പെടുത്തി. ഇത്തരം കേസുകളിൽ ശമ്പള സ്കെയിൽ വർദ്ധനവും റേഷ്യോ വർദ്ധനവും ഒരുമിച്ച് ശിപാർശ ചെയ്തിരുന്നത് ശമ്പള സ്കെയിൽ വർദ്ധനവ് മാത്രമാക്കി പരിമിതപ്പെടുത്തി. എന്നാൽ ശമ്പളസ്കെയിൽ വർദ്ധനമൂലം ഫീഡർ തസ്തികയുടേയും പ്രൊമോഷൻ തസ്തികയുടേയും ശമ്പളസ്കെയിലുകൾ തുല്യമാകുന്ന കേസുകളിൽ ഇപ്രകാരം ശമ്പളസ്കെയിൽ വർദ്ധന അനുവദിച്ചിട്ടില്ല. കൂടാതെ 24040-38840-ഉം അതിനുമുകളിലുള്ള ശമ്പളസ്കെയിലുകളിൽ നോർമൽ റിവിഷന് മുകളിൽ വർദ്ധന അനുവദിച്ചിട്ടില്ല. പത്താം ശമ്പളക്കമ്മീഷൻ ശിപാർശ ചെയ്ത മെച്ചപ്പെട്ട റേഷ്യോ പ്രൊമോഷനുകൾ 22360-37940 വരെയുള്ള പ്രീ-റിവൈസ്ഡ് സ്കെയിലുകളിൽ പരമാവധി 1:2 ആയും 24040-38840-ഉം അതിനുമുകളിലുള്ള ശമ്പളസ്കെയിലുകളിൽ പരമാവധി 1:3 ആയും നിജപ്പെടുത്തി.

(ബി) പത്താം ശമ്പളപരിഷ്കരണത്തിന് മുമ്പ് ജീവനക്കാർക്കും അദ്ധ്യാപകർക്കും 1-7-2014 പ്രാബല്യത്തിൽ 80% ഡി.എ. ആണ് അനുവദിച്ചിരുന്നത്. പരിഷ്കരണത്തോടെ മേൽപ്പറഞ്ഞ 80% ഡി.എ.യും അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചു. പുതിയ അടിസ്ഥാന ശമ്പളത്തോടൊപ്പം 1-1-2015 മുതൽ 3% ഡി.എ.യും 1-7-2015 മുതൽ വീണ്ടും 3% വർദ്ധനയോടെ ആകെ 6% ഡി.എ.യും നല്കുന്നതാണ്.

(സി) അടുത്ത ശമ്പള പരിഷ്കരണം സംബന്ധിച്ച് ഉചിതമായ സമയത്ത് തീരുമാനമെടുക്കുന്നതാണ്.

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ

76 (1816) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം പ്രാദേശിക സർക്കാരുകൾക്കായി 2015-17 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായി നിർദ്ദേശിക്കപ്പെട്ട തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ആയത് എന്നത്തേയ്ക്ക് വകയിരുത്തുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ച് വരികയാണ്. ഇതിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും അന്തിമ വകയിരുത്തൽ നടത്തുന്നത്.

(ബി) ബാധകമല്ല.

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട്

77 (1817) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചുവരികയാണ്.

(ബി) ബാധകമല്ല.

റവന്യൂ റിക്കവറി വിഭാഗത്തിൽ പി.എസ്.സി. വഴി നിയമനം

78 (1818) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലെ റവന്യൂ റിക്കവറി വിഭാഗത്തിൽ സർക്കാർ സർവ്വീസിൽ നിന്ന് പിരിഞ്ഞവരെയും 65 വയസ്സു കഴിഞ്ഞവരെയും ഇടരാൻ അനുവദിക്കുന്നത് എന്തു മാനദണ്ഡത്തിലാണ്;

(ബി) റവന്യൂ വകുപ്പിൽ നിന്നും പെൻഷൻ പറ്റിയ ഒരു സംഘം വ്യക്തികൾ വർഷങ്ങളായി ജോലിചെയ്യുന്ന കെ.എസ്.എഫ്.ഇ. റവന്യൂ റിക്കവറി വിഭാഗത്തെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടും സർക്കാർ നടപടിയെടുക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്താൻ നടപടിയെടുക്കുമോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly